പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം-നം. 4338. 4.2.2014 ൽ മറുപടിക്ക്.

## അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.രാജു | ശ്രീ. പി. കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി പ്രകാരം നിലവിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) കോളേജുകളിലും ഹയർ സെക്കണ്ടറി സ്കൂളുകളിലും പഠിക്കുന്ന കുട്ടികളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകുവാനുള്ള പദ്ധതിയാണ് അസാപ്. സംസ്ഥാനത്തെ 442 സ്ഥാപനങ്ങളിൽ ഇപ്രകാരം 30 പേരടങ്ങുന്ന ഒന്നോ രണ്ടോ ബാച്ചുകളിലായി പദ്ധതിയുടെ ഫൗണ്ടേഷൻ മൊഡ്യൂൾ പരിശീലനം ആരംഭിച്ചുകഴിഞ്ഞു. 2012 -13 ൽ ആരംഭിച്ച 102 സ്ഥാപനങ്ങളിൽ ഫൗണ്ടേഷൻ പരിശീലനം പൂർത്തിയാക്കിയ കുട്ടികൾ, അവർ തെരഞ്ഞെടുത്ത വ്യവസായ പരിശീലന മൊഡ്യൂൾ (സ്കിൽ മൊഡ്യൂൾ) പരിശീലനം പുരോഗമിക്കുകയാണ്.<br><br>ഒന്നാം വർഷ ഡിഗ്രി ക്ലാസുകളിലോ ഒന്നാംവർഷ ഹയർ സെക്കണ്ടറി ക്ലാസുകളിലോ പഠിക്കുന്ന സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ കുട്ടികളിൽ നിന്നും തൊഴിൽ ആവശ്യകതാ അഭിരുചി, സാമൂഹ്യ പിന്നോക്കാവസ്ഥ തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്കാണ് അസാപ് പരിശീലനം നൽകുക. മാതൃ സ്ഥാപനത്തിൽവച്ചു നടക്കുന്ന ഫൗണ്ടേഷൻ മൊഡ്യൂൾ ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ, ഇൻഫർമേഷൻ ടെക്നോളജി എന്നിവയടങ്ങുന്നതാണ്. പ്രത്യേകം സജ്ജീകരിക്കപ്പെട്ടിട്ടുള്ള സ്കിൽ ഡവലപ്മെന്റ് സെന്ററുകളിൽ കുട്ടികളെ എത്തിച്ച് വ്യത്യസ്ത തൊഴിൽ മേഖലകളിലുള്ള 'സ്കിൽ മൊഡ്യൂൾ' പരിശീലനം നൽകുന്നത് വ്യവസായ സ്ഥാപനങ്ങൾ/വ്യവസായ |

| | | |
|---|---|---|
| | | പരിശീലകർ/അംഗീകൃത പരിശീലന ഏജൻസികൾ എന്നിവരാണ്.<br><br>2013 വർഷത്തെ സ്കൂൾ വെക്കേഷൻ കാലത്ത് അവസാന വർഷ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കും കോളേജ് വിദ്യാർത്ഥികൾക്കുമായി പ്രത്യേക തൊഴിൽ പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുവാൻ നടപടികളാരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ നിയമസഭാ നിയോജക മണ്ഡലങ്ങളിൽ ഒന്നു വീതം കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ ആരംഭിച്ച് തൊഴിൽ പരിശീലന പരിപാടികൾക്ക് സ്ഥിരം സംവിധാനമൊരുക്കുവാനുള്ള നടപടികൾ പുരോഗതിയിലാണ് |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം പുനലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന സ്കൂളുകളിൽ സ്കിൽ ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളായി തെരഞ്ഞെടുക്കപ്പെട്ടവരുടെ പേരു വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് നൽകുമോ; | സെന്റ് ഗൊരട്ടി എച്ച്.എസ്.എസ്. പുനലൂർ - കുമാരി അക്ഷയ ഗോപി.എസ്<br>സെന്റ് ജോൺസ് കോളേജ്, അഞ്ചൽ- കുമാരി നീതി ശ്രീധരൻ |
| (സി) | ഇതിലേക്കായി പത്തിൽ കുറയാത്ത എണ്ണം ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് എം.എൽ.എ.മാർ വഴി നൽകുവാൻ നിർദ്ദേശം നൽകിയിരുന്നോ; ആയതിൻ പ്രകാരം നൽകപ്പെട്ട ലിസ്റ്റിലുളളവരെ കൂടികാഴ്ചയ്ക്കും മറ്റ് പരീക്ഷകൾക്കുമായി ക്ഷണിച്ചിരുന്നോ; ഇതിൽ ഉണ്ടായ തുടർ നടപടികൾ വിശദമാക്കുമോ? | അതെ. ഇപ്രകാരം ലഭിച്ച ലിസ്റ്റിലുള്ള 526 പേരെ കൂടിക്കാഴ്ചക്കും മറ്റു പരീക്ഷകൾക്കുമായി ക്ഷണിച്ചിരുന്നു. എന്നാൽ അസാപ് നിശ്ചയിച്ചിട്ടുള്ള പരിശീലക യോഗ്യതാ മാനദണ്ഡങ്ങളനുസരിച്ച് ഈ പട്ടികയിൽ നിന്നും പരിശീലകരെ ലഭിച്ചില്ല. |

സെക്ഷൻ ഓഫീസർ